പട്രോളിംഗ് നടത്തിയും വനാതിർത്തികളിലും വനാന്തരങ്ങളിലും മിന്നൽ പരിശോധന നടത്തിയും കുറ്റകൃത്യങ്ങൾ തടയാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനധികൃത വാറ്റ് തടയുന്നതിന് അടിക്കടി റെയ്ഡ് നടത്തി വാറ്റുപകരണങ്ങളും വാഷും മറ്റും നശിപ്പിക്കുന്നുണ്ട്. സംഘടിതമായി ഉണ്ടാകുന്ന വനം കൈയ്യേറ്റം, അനധികൃത മരംമുറി, കഞ്ചാവുകൃഷി ഇവ തടയുന്നതിന് ദ്രുതകർമ്മസേനയെ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. വനനിയമത്തിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തി വനസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കുറ്റകൃത്യങ്ങൾ തടയുവാനും കുറ്റക്കാരെ പിടികൂടി ശിക്ഷിക്കുന്നതിനും കൂടുതൽ നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കാൻ സംരക്ഷണ ജീവനക്കാർക്ക് ആവശ്യമായ ആത്മബലം നൽകുവാനും ഇവരെ സഹായിക്കുന്നതിന് പൊതുജനങ്ങളെ കൂടുതൽ ഉൽബോധിപ്പിക്കുവാനും ഉദ്ദേശിക്കുന്നു. ഹെലികോപ്റ്ററിന്റെ സഹായത്താൽ ഉൾവനങ്ങൾ നിരീക്ഷണ വിധേയമാക്കുവാനും കഞ്ചാവുകൃഷി നിവാരണം ചെയ്യുന്നതിന് വനം, എക്സൈസ് പോലീസ് വകുപ്പുകൾ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതിനും വനം വകുപ്പിൽ മൂന്ന് ആന്റി ഗഞ്ചാ സ്കാഡ് രൂപീകരിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

കാട്ടുതീ മൂലമുള്ള നാശനഷ്ടം

102 [443] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻവർഷങ്ങളെ അപേക്ഷിച്ച് കഠിനമായ വരൾച്ചമൂലം ഈ വർഷം കാട്ടുതീ വ്യാപകമായി പടർന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് വയനാട് മുതൽ തിരുവനന്തപുരം വരെയുള്ള മിക്കവാറും എല്ലാ ജില്ലകളിലേയും വനപ്രദേശത്ത് ഇത്തവണയുണ്ടായ വ്യാപകമായ കാട്ടുതീ എത്ര ചതുരശ്ര കിലോ മീറ്റർ വനം നശിപ്പിച്ചു എന്നതിന്റെ കണക്കെടുപ്പ് വനം വകുപ്പ് ഔദ്യോഗികമായി നിർവ്വഹിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഏതൊക്കെ വനമേഖലകൾ, എത്ര ഹെക്ടർ വീതം കാട്ടുതീയാൽ നശിച്ചു എന്നതിന്റെ മേഖല തിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ;

(ഡി) കാട്ടിനുള്ളിലെ മനുഷ്യ ഇടപെടലുകളാണ് ഈ വർഷത്തെ കാട്ടുതീയ്ക്ക് മറ്റൊരു മുഖ്യകാരണം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുയെന്നും വ്യക്തമാക്കുമോ;

(ഇ) കാട്ടുതീ മൂലമുള്ള നാശോന്മുഖമായിട്ടുള്ള വനമേഖലകളുടെ പുനരുജ്ജീവനത്തിനുവേണ്ട കൂടുതൽ പ്രവർത്തനങ്ങളെന്തെങ്കിലും നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ വർഷം ഫയർ ലൈനുകൾ സ്ഥാപിക്കുന്നതിലും ഫയർ വാച്ചർമാരെ നിയോഗിക്കുന്നതിലും പോരായ്മ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്ത മാക്കുമോ;

(ജി) വനാവരണത്തുടർച്ച ഇല്ലാതാക്കുന്ന കാട്ടുതീ നിയന്ത്രിക്കാൻ ഫലപ്രദമായ എന്തെങ്കിലും കർമ്മ പരിപാടിക്ക് വനം വകുപ്പ് രൂപം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാട്ടുതീമൂലം വനപ്രദേശങ്ങൾ പൂർണ്ണമായി നശിച്ചുപോയിട്ടില്ല. ഉണങ്ങിക്കിടക്കുന്ന ഇലകളും ചെറിയ തൈകളും മാത്രമാണ് നശിച്ചുപോയിട്ടുള്ളത്. വലിയമരങ്ങളൊന്നുംതന്നെ നഷ്ടപ്പെട്ടില്ല. കാട്ടുതീ ബാധിച്ച വനങ്ങളെ സംബന്ധിച്ച വിവരം സർക്കിൾതലത്തിൽ ശേഖരിച്ചിട്ടുണ്ട്.

(സി) മേഖലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

സർക്കിൾ	കാട്ടുതീയുടെ എണ്ണം	നശിച്ച വനത്തിന്റെ വിസ്തൃതി (ഹെക്ടറിൽ)
സതേൺ സർക്കിൾ, കൊല്ലം	253	2134
ഹൈറേഞ്ച് സർക്കിൾ, കോട്ടയം	72	1248
സെൻട്രൽ സർക്കിൾ, തൃശ്ശൂർ	147	2419
ഈസ്റ്റേൺ സർക്കിൾ, പാലക്കാട്	221	2850
നോർത്തേൺ സർക്കിൾ, കണ്ണൂർ	76	738
സോഷ്യൽ ഫോറസ്ട്രി വിംഗ്	55	610
വൈൽഡ് ലൈഫ് വിംഗ്	195	4302
ആകെ	1019	14301

(ഡി) കാട്ടിലുണ്ടാകുന്ന മിക്കവാറും എല്ലാ തീകളും മനുഷ്യ ഇടപെടലുകൾ മൂലമാണ്. ഇത് അവരുടെ അഞ്ജതകൊണ്ടും ആകസ്മികമായും ഉണ്ടാകാവുന്ന താണ്. ചില സ്ഥലങ്ങളിൽ സാമൂഹികവിരുദ്ധർ ബോധപൂർവ്വം തീകത്തിക്കുന്നതായി ആക്ഷേപങ്ങൾ ഉണ്ട്. അതിന് പൂർണ്ണമായ തെളിവുകളൊന്നും ലഭിച്ചിട്ടില്ല.

(ഇ) കാട്ടുതീമൂലം അടിക്കാടുകൾ നശിച്ച വനമേഖലകളിൽ മഴമൂലം അടിക്കാടുകൾ വീണ്ടും തളിർത്തുവരുന്നുണ്ട്. അടുത്ത വേനൽക്കാലത്ത് കാട്ടുതീമൂലം അടിക്കാടുകൾ നശിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) വനാവരണത്തുടർച്ച ഇല്ലാതാക്കുന്ന കാട്ടുതീ കേരളത്തിൽ ഉണ്ടാകാൻ സാദ്ധ്യതയില്ല. കാട്ടുതീമൂലം അടിക്കാടുകൾ നശിക്കുന്നതുകൊണ്ട് വനങ്ങൾക്ക് കുറച്ച് നാശം സംഭവിക്കുന്നുണ്ട്. സാധാരണനിലയിൽ കാട്ടുതീ തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് വനം വകുപ്പിൽ ഇപ്പോൾ ആവശ്യമായ സംവിധാനം നിലവിലുണ്ട്. ഇത് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിനും ഈ വർഷത്തിൽ അനുഭവപ്പെട്ട അപ്രതീക്ഷിതവും അസാധാരണവുമായ വരൾച്ചപോലുള്ള അവസ്ഥകൾ തരണം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

തേക്കടി ജലാശയത്തിന്റെ ആഴം സംബന്ധിച്ച്

103 [446] ശ്രീ. ഇ. എം. ആഗസ്തി:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ:
„ ജോർജ് ജെ. മാത്യു:
„ കെ. പി. വിശ്വനാഥൻ:
„ വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം വേനൽ വർദ്ധിച്ചപ്പോൾ തേക്കടി ജലാശയത്തിൽ വെള്ളം കുറഞ്ഞതിന്റെ ഫലമായി ബോട്ടുയാത്ര സുഗമമാക്കുന്നതിനുവേണ്ടി ജലാശയത്തിൽ ബോട്ടുജെട്ടിവരെയുള്ള ഭാഗത്തിന്റെ ആഴം കൂട്ടുകയുണ്ടായോ; ഇതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇപ്രകാരം ചെയ്യുന്നതിനുമുൻപ് മരാമത്ത് വകുപ്പ്, ജലവിഭവ വകുപ്പ്, എന്നിവയുമായി കൂടിയാലോചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം ചെയ്തതുകൊണ്ട് തമിഴ്നാട്ടിലേക്ക് കൂടുതൽ ജലപ്രവാഹം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആഴം കൂട്ടിയിട്ടില്ല.

(ബി—ഡി) 'എ'-യുടെ മറുപടിയുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly